# സാഹിത്യവാരഫലം

2002/02/22 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org


## സാഹിത്യവാരഫലം

2002/02/22-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.



ജോവാന്നി ബൊകാറ്റ്ചോ

ഇറ്റലിയിലെ കവിയും പണ്ഡിതനും ‘ഡികാമറൻ’ (Decameron) എന്ന കഥാസമാഹാരത്തിന്റെ രചയിതാവും ആയ ‘ജോവാന്നീ ബൊകാറ്റ്ചോ (Giovanni Boccaccio, 1313–1375) ഇറ്റലിയുടെ സംസ്കാരത്തെ വികസിപ്പിച്ച മഹാവ്യക്തിയാണ്. ലൈംഗികാഭിലാഷത്തെ അടിച്ചമർത്തുന്നതു് വ്യർത്ഥയത്നമാണെന്ന് സ്ഥാപിക്കുന്ന ഒരു കഥയുണ്ട് ‘ഡികാമറനി’ൽ. വിവാഹിത സ്നേഹത്തെ ക്കരുതിയോ പണത്തിനു വേണ്ടിയോ വ്യഭിചരിച്ചാൽ അവളെ തീയിൽ ജീവനോടെ എരിച്ചുകളയേണ്ടതാണെന്ന നിയമം പ്രാറ്റോപ്പട്ടണത്തിലുണ്ടായിരുന്നു (ഇറ്റലിയിലെ ഒരു നഗരമാണ് പ്രാറ്റോ). അവിടെ ഫിലിപ്പ എന്ന സ്ത്രീ ഭർത്താവ് എവിടെയോ പോയിരുന്നപ്പോൾ കാമുകനുമായി ലൈംഗികവേഴ്ചയിൽ ഏർപ്പെട്ടു. പെട്ടെന്നു വീട്ടിലെത്തിയ ഭർത്താവ് ആ വ്യഭിചാരം കാണാനിടയായി. അസാമാന്യമായ ധൈര്യമുള്ള അവൾ പ്രാഡ്വിവാകന്റെ മുന്നിലെത്തി. വ്യഭിചരിച്ചവൾ കുറ്റസമ്മതം നടത്തിയാലേ കോടതിക്ക് അവളെ ശിക്ഷിക്കാനാവൂ. സ്ത്രീ ജഡ്ജിയോടു പറഞ്ഞു: “എന്റെ ഭർത്താവ് വ്യഭിചാരം കണ്ടതു് ശരിയാണ്. ഇതിനു മുൻപ് പലപ്പോഴും ഞാൻ എന്റെ കാമുകനുമായി ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ മുൻപിൽ സ്ത്രീയും പുരുഷനും തുല്യരല്ലേ? ഈ നിയമം നിർമ്മിക്കുന്നതിനു മുൻപ് സ്ത്രീയോട് ആലോചിച്ചിട്ടേയില്ല. ഈ വധശിക്ഷ അതിനാൽ അധാർമ്മികമാണ്.” ഇത്രയും കോടതിയോട് പറഞ്ഞിട്ട് അവൾ ഭർത്താവിന്റെ നേർക്കു തിരിഞ്ഞു ചോദിച്ചു: “ഞാൻ എപ്പോഴെങ്കിലും നിങ്ങളുടെ അഭിലാഷത്തിന് വഴങ്ങാതെ ഇരുന്നിട്ടുണ്ടോ?” തന്റെ ശാരീരികമായ ആവശ്യകതകൾക്കു ഭാര്യ എപ്പോഴും വിധേയമായിട്ടുണ്ടെന്ന് അയാൾ സമ്മതിച്ചു. അതുകേട്ട് അവൾ ജഡ്ജിയോടു ചോദിച്ചു: “എന്റെ ഭർത്താവിനു വേണ്ടതൊക്കെ നല്കിയിട്ടുണ്ടെങ്കിൽ എന്റെ മിച്ചം വന്ന ലൈംഗികാഭിലാഷം സംതൃപ്തമാക്കുന്നതെങ്ങനെ?” അവൾ തുടർന്നു: “ആ അധിക കാമത്തെ ഞാൻ നായ്ക്കൾക്ക് ഇട്ടു കൊടുക്കണോ? എന്റെ ഭർത്താവിനെക്കാൾ എന്നെ കൂടുതൽ സ്നേഹിക്കുന്ന കാമുകന് അതു നല്കുന്നതല്ലേ ശരി?” ഇതു കേട്ടുകൊണ്ടിരുന്ന ബഹുജനം അവൾ പറഞ്ഞതു ശരിയാണെന്ന് അഭിപ്രായപ്പെട്ടു. ഭർത്താവ് നൈരാശ്യത്തിലാണ്ടു തിരിച്ചു പോയി. അവൾ അഗ്നിക്കിരയാകാതെ രക്ഷ നേടുകയും ചെയ്തു.



മാർഷൽ

കാമം, കൊതി, ആത്മാഭിലാഷത്തിനുവേണ്ടിയുള്ള ബുദ്ധി, ഇവ ക്രൈസ്തവ സാന്മാർഗ്ഗിക നിയമങ്ങളെക്കാൾ ശ്രേഷ്ഠമാണെന്ന് ബൊകാറ്റ്ചോ കരുതിയിരുന്നതായി “Sprezzatura” എന്ന നല്ല പുസ്തകത്തിൽ കാണുന്നു. (50 Ways Italian Genius Shaped the World, Peter D Epiro and Mary Desmond Pinkowish, Anchor Books, New York, Rs 552.20, pp. 398. Sprezzatura എന്ന ഗ്രന്ഥനാമത്തിന്റെ അർത്ഥം the art of effortless mastery എന്നാണ്.) ഈ പ്രയത്നരഹിതമായ അതിനൈപുണ്യം കൊണ്ട് മഹാവ്യക്തികൾ ഇന്നത്തെ ഇറ്റലിയെ എങ്ങനെ ഉന്നതസംസ്കാരത്തിലെത്തിച്ചുവെന്ന് സ്പഷ്ടമാക്കിത്തരുന്ന ഇപ്പുസ്തകത്തിന് പ്രാധാന്യമുണ്ട്. സീസർ പണ്ഡിതന്മാരെയും ഗണിതശാസ്ത്രജ്ഞന്മാരെയും വിളിച്ച് റോമാക്കാർ ഇന്നും ഉപയോഗിക്കുന്ന കലണ്ടറിന് (Calendar) രൂപം നല്കി. നിയമം ലംഘിക്കണമെങ്കിൽ അധികാരം പിടിച്ചെടുക്കുന്നതിനു മാത്രമേ അതു ചെയ്യാവൂ. മറ്റെല്ലാ സന്ദർഭങ്ങളിലും അതിനോടു ബഹുമാനമുണ്ടായിരിക്കണമെന്ന് പ്രഖ്യാപിച്ച സീസർ. അദ്ദേഹം റോമിൽ സ്വേച്ഛാധികാരം പ്രയോഗിച്ചില്ലായിരുന്നുവെങ്കിൽ മ്ലേച്ഛവർഗ്ഗക്കാർ വടക്ക്, കിഴക്ക് ഈ ദിക്കുകളിൽ നിന്ന് വന്ന് റോമൻ സംസ്കാരത്തെ തകർത്തുകളയുമായിരുന്നു. ജർമ്മൻ ചരിത്രകാരനും ക്ലാസിക്കൽ സ്കോളറുമായിരുന്ന തെയോഡർ മൊമ്സൻ (Theodor Mommsen, 1817–1903) സീസറിനെ ‘the complete and perfect man” എന്നാണ് വിളിച്ചത്.

യോദ്ധാക്കൾ, നിയമജ്ഞർ ഇവരെക്കൂടാതെ മഹാന്മാരായ സാഹിത്യകാരന്മാർക്കും ജന്മമരുളി റോം. അവരിൽ പ്രമുഖനാണ് കറ്റലസ് (Catullus, 84–54 BC) കറ്റലസിന്റെ കാമുകിയെ അദ്ദേഹം ലെസ്ബിയ എന്നാണ് വിളിച്ചത്. അവളെ അഭിസംബോധന ചെയ്ത് കവി ചുംബനങ്ങളെക്കുറിച്ച് എഴുതിയ കവിതയ്ക്കു വിശ്വപ്രസിദ്ധിയുണ്ട്.

> Suns can set, and Suns can rise again
> but we, when our brief candle has flickered right.
> And so, give me a thousand Kisses,
> then a hundred more,
> then another thousand followed fast by another hundred
> give me billions and billions of the damn things!

കറ്റലസിന്റെ അസംസ്കൃതവികാരത്തിന്റെ സക്തികൊണ്ട് ഇന്നും അദ്ദേഹം റോമൻ സാഹിത്യത്തിൽ സജീവ സാന്നിദ്ധ്യമായി വർത്തിക്കുന്നുണ്ടെന്ന് ഗ്രന്ഥരചയിതാക്കൾ പറയുന്നു.



മീക്കലാഞ്ചലോ

ഒരു മന്ദസ്മിതത്തോടുകൂടി സത്യം പറയുന്നതിനെ ആർക്കു തടുക്കാൻ കഴിയും എന്ന് റോമൻകവി ഹൊറസ് ചോദിച്ചു (Horace, 65 BC). പുഞ്ചിരി കലർത്തി സത്യപ്രസ്താവം നടത്തുന്ന ഹൊറസ്, മാർഷൽ (Martial, 40–103) ജൂവനേൽ (Juvenal, 60–127 AD) ഇവരുടെ പ്രതിഭാപ്രസരം നമുക്കു കാണിച്ചുതന്നിട്ട് രചയിതാക്കൾ ദാന്തെയുടെ Divine Comedy-യിലേക്കു ചെല്ലുകയാണ്. (Dante, 1265–1321) ബൊക്കേചോ, മീക്കലാഞ്ചലോ ഇവർ ഈ മഹാകവിയെ ആരാധിച്ചു. ചോസർ, മിൽട്ടൻ, ഷെല്ലി ഇവരിൽ സ്വാധീനത ചെലുത്തി ദാന്തെ Divine Comedy ഇറ്റലിയിലെ ഭാഷയിൽത്തന്നെ വായിക്കാൻ ബ്ലേക്ക് ആ ഭാഷ പഠിച്ചു. യേറ്റ്സ്, ജോയിസ്, പൗണ്ട്, എലിയറ്റ് ഈ കവികൾ ദാന്തെയെ സാഹിത്യാചാര്യനായി പരിഗണിച്ചു. അമേരിക്കൻ നോവലിസ്റ്റ് ഹെൻട്രി ജെയിംസ് greatest of literary artists എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചത്.



യേറ്റ്സ്

ഡിവൈൻ കോമഡിയുടെ മഹത്വത്തെക്കുറിച്ച് ഞാനെന്തിനു പറയണം? എങ്കിലും അതിലെ ദുഃഖദായകമായ ഒരു സംഭവത്തെപ്പറ്റി സൂചിപ്പിച്ചേ തീരൂ. യൂഗോലീനോ പ്രഭുവിനെ ദാന്തെ നരകത്തിൽ വച്ചു കാണുന്നു. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ അയാൾക്കും കുട്ടികൾക്കും ഉണ്ടായ ദുരനുഭവത്തെ അയാൾ തന്നെ ദാന്തെയോടു പറയുന്നു. യൂഗോലീനോ (Ugolino) ആർച്ച് ബിഷപ്പ് റൂജെറിയുടെ സ്നേഹിതനായി വർത്തിച്ച് അയാൾക്കു ഉപകാരങ്ങൾ ചെയ്തു. പിന്നീട് അവർ തമ്മിൽ പിണങ്ങിയപ്പോൾ ആർച്ച് ബിഷപ്പ് യൂഗോലീനോയെയും അയാളുടെ കുഞ്ഞുങ്ങളെയും കാരാഗൃഹത്തിലാക്കി പൂട്ടി മുദ്രവച്ചു. യൂഗോലീനോയും സന്താനങ്ങളും പട്ടിണികിടന്നു മരിച്ചു. ആ സംഭവം പ്രഭു ദാന്തെയോടു പറയുകയാണ്.

> “And from the base of that horrible tower I heard
> the sound of hammers nailing up the gates.
> I stared at my sons’ faces without a word.
> I did not weep: I had turned stone inside
> They wept. ‘What ails you,
> father, you look so strange
> my little Anslam youngest of them cried.
> But I did not speak a word nor shed a tear.”

(A new translation by Jhon Ciardi—A mentor book—pp. 276)

സ്വന്തം പ്രാധാന്യം. തന്നെക്കുറിച്ചുള്ള ബഹുമാനം ഇതാണ് ഈഗോ. അത് അതിരു കടന്നാൽ ആപത്താണ്. താനെഴുതിയ കവിത, ലേഖനം ഇവയെക്കുറിച്ചു മാത്രം സംസാരിക്കുന്നവന് ഈഗോ കൂടും.

രചയിതാക്കൾ ഈ സംഭവത്തെക്കുറിച്ച് ഒന്നു സൂചിപ്പിക്കുന്നതേയുള്ളൂ. വായനക്കാർക്കുവേണ്ടി ഞാൻ ഇതു വിശദീകരിക്കുകയാണ്. അവർ (പുസ്തകമെഴുതിയവർ) ദാന്തെയുടെ കൃതിക്കുള്ള മഹത്വം നമ്മളെ ഗ്രഹിപ്പിക്കുവാൻ എഴുതുന്നു. ‘T. S. Eliot called the last canto, Paradiso 33 the highest point that poetry has ever reached or ever can reach’ (pp. 103). ഇതൊക്കെ വായിക്കുമ്പോൾ നമ്മൾ ഔന്നത്യത്തിലെത്തുന്നു. ദാന്തെ സ്വന്തം കൃതി കൊണ്ട് ജനതയെയാകെ ഐക്യത്തിലേക്കു നയിച്ചതെങ്ങനെയെന്നു ഗ്രഹിക്കുന്നു.



ഗ്രാംഷി

പുസ്തകത്തിന്റെ സ്വഭാവം എന്തെന്നു മനസ്സിലാക്കാൻ സ്ഥാലീപുലാകന്യായമനുസരിച്ച് ഇത്രയും മതി. ലേ ഓനാർദോ ദാവിൻചി (ദാവിൻചി എന്നുമാത്രം എഴുതുന്നതു തെറ്റ്—ലേഖകൻ), മീക്കലാഞ്ചലോ, റോസ്സാലീനി (Roberto Rosselini, 1906–1977, ഇറ്റലിയിലെ ഫിലിം നിർമ്മാതാവ്) ദാനുന്റ്സീയോ (D Annunzio, 1863, ഇറ്റലിയിലെ കവി, നോവലിസ്റ്റ്), മായ്ക്യാവെല്ലി (Machiavelli, 1469–1527), ഇറ്റലിയിലെ പൊളിറ്റിക്കൽ ഫിലോസഫർ) ഇവരെല്ലാം കലാപരവും രാഷ്ട്രവ്യവഹാരസംബന്ധിയുമായ വിഷയങ്ങൾ കൈകാര്യം ചെയ്തു തങ്ങളുടെ രാഷ്ട്രത്തെ എങ്ങനെ മുൻനിരയിലെത്തിച്ചു എന്ന് രചയിതാക്കൾ സ്പഷ്ടമാക്കുന്നു. ഇറ്റലിയിലെ മിലിറ്ററി നേതാവ് ഗാരിബാൽദി (Garibaldi, 1807–1882), റോമിൽ ജനിച്ച അമേരിക്കൻ ഭൗതികശാസ്ത്രജ്ഞൻ ഫെർമി (Enrico-Fermi, 1901–1954) ഇവർ ഇറ്റലിയിലെ സംസ്കാരത്തിന്റെ നേതാക്കളായതെങ്ങനെയെന്ന് ദേശീയ വീക്ഷണഗതി അവലംബിച്ച് ഗ്രന്ഥകർത്താവും ഗ്രന്ഥകർത്ത്രിയും പ്രതിപാദിക്കുന്നുണ്ട്. മതശാസ്ത്രത്തിന്റെ ഉദ്ഘോഷകനും അതിൽ ബൃഹത്കായനുമായ അക്വിനസിനെ വിസ്മരിക്കുന്നില്ല. പക്ഷേ, ഉന്നതസംസ്കാരത്തിന്റെ ഉദ്ഘോഷകരായ മൻസോണി (നോവലിസ്റ്റ്) ക്രോചേ (തത്ത്വചിന്തകനും സൗന്ദര്യശാസ്ത്രജ്ഞനും) ഗ്രാംഷി (കമ്മ്യൂണിസ്റ്റ് തത്വചിന്തകൻ) ഇവർ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വാധീനത ചെലുത്തിയവരല്ലേ. അവരെ വിട്ടുകളഞ്ഞ് ഗ്രന്ഥം രചിച്ചതു് ഒരിക്കലും നീതിമത്കരണമാവില്ല. ഗ്രന്ഥമെഴുതിയവർക്കു അതിനു സമാധാനം പറയാൻ എന്തെങ്കിലും കാണാതിരിക്കില്ല. ധിഷണാപരവും സദാചാരപരവും കലാപരവും ആയ ഘടകങ്ങൾക്കു മുൻഗണന നല്കി ഇറ്റലിയുടെ സംസ്കാരത്തിന്റെ വിശാലചിത്രം വരയ്ക്കുന്ന ഈ ഗ്രന്ഥത്തിന് ഇത്തരം ന്യൂനതകളുണ്ടെങ്കിലും ഇതിന്റെ പ്രാധാന്യത്തിനു കുറവു വരുന്നില്ല. ഗ്രന്ഥകർത്താക്കളുടെ പ്രഥമ ഗ്രാഹ്യതകളിലൂടെയാണെങ്കിലും (preferences) നമ്മൾ എത്തേണ്ടിടത്ത് എത്തുന്നു.

### ചോദ്യം, ഉത്തരം

**ചോദ്യം:** ഈഗോ എന്നാൽ എന്താണ്? അത് എങ്ങനെ തർജ്ജമ ചെയ്യും?

**ഉത്തരം:** സ്വന്തം മേന്മയെക്കുറിച്ചുള്ള അഭിപ്രായമാണ് ഈഗോ. ലാറ്റിൻ പദമാണത്. സ്വന്തം പ്രാധാന്യം. തന്നെക്കുറിച്ചുള്ള ബഹുമാനം ഇതാണ് ഈഗോ. അത് അതിരു കടന്നാൽ ആപത്താണ്. താനെഴുതിയ കവിത, ലേഖനം ഇവയെക്കുറിച്ചുമാത്രം സംസാരിക്കുന്നവന് ഈഗോ കൂടും. അയാൾ നമ്മൾ പറയുന്നതൊന്നും കേൾക്കില്ല. നമ്മൾ ഇടയ്ക്കുകയറിപ്പറഞ്ഞാൽ അത് അവഗണിച്ച് മദ്രാസ് ഗവർണ്ണർ തന്നോട് സംസാരിച്ചതിനെക്കുറിച്ച് ഏറെപ്പറയും; വാതോരാതെ പറയും. മാന്യന്റെ ലക്ഷണമല്ല ഇത്. എനിക്കറിയാവുന്ന മാന്യൻ—ഈഗോ പ്രദർശിപ്പിക്കാത്ത മാന്യൻ—ഹൈക്കോർട്ട് ജഡ്ജിയായിരുന്ന ചന്ദ്രശേഖരമേനോനാണ്. അദ്ദേഹം ഒരിക്കൽ എന്റെ വീട്ടിൽ വന്നു. എന്തൊരു വിനയം! എന്തൊരു സൗജന്യമാധുര്യം! ‘ധിക്കൃതശക്രപരാക്രമനാകിന’ എൻ ഗോപാലപിള്ള നമ്മൾ സംസാരിക്കാൻ തുടങ്ങിയാൽ മാന്യനായി നിശ്ശബ്ദത പാലിക്കും. നമ്മൾ പറയുന്നതൊക്കെ ക്ഷമയോടുകൂടി കേൾക്കും. ഈഗോ എന്ന പദത്തിന് അഹങ്കാരം, മമത, ആത്മസ്തുതി എന്നൊക്കെ തർജ്ജമയാകാം.

**ചോദ്യം:** തിരുവനന്തപുരത്തെ പുതിയ ലെജിസ്ലേറ്റീവ് അസംബ്ലി കെട്ടിടത്തിനെക്കുറിച്ച് എന്താണ് അഭിപ്രായം?

**ഉത്തരം:** മലയാളഭാഷയിൽ അതിനു വാക്കില്ല. ഇംഗ്ലീഷിൽ വാക്ക് ഉണ്ട്. Hideous എന്ന്. അത് സംസ്കൃതമാക്കിയാൽ കരാളദർശനം എന്നു വരും. ഘോരാകൃതി എന്നും പറയാം.

**ചോദ്യം:** നിങ്ങളുടെ പ്രധാന ജോലി വായനയല്ലേ?

**ഉത്തരം:** അല്ല. ഇലക്ട്രിക് സബ് സ്റ്റെയ്ഷനിൽ വിളിച്ച് കറന്റില്ല എന്ന് പറയുന്നത്.

**ചോദ്യം:** കൊല്ല് ആ പട്ടിയെ. അവനൊരു നിരൂപകനാണ് എന്നു പറഞ്ഞ ഗോയ്ഥേയെ നിങ്ങൾ ബഹുമാനിക്കുന്നോ?

**ഉത്തരം:** ഗെറ്റേ പറഞ്ഞത് അങ്ങനെയാവാൻ തരമില്ല. ‘കൊല്ല് ആ ‘പട്ടിയെ, അവനൊരു ഗ്രന്ഥപ്രസാധകനാണ് എന്നാവാം അദ്ദേഹം പറഞ്ഞത്.

**ചോദ്യം:** രാജ്യത്തിനു വേണ്ടി മരിക്കാൻ തയ്യാറാണോ നിങ്ങൾ?

**ഉത്തരം:** മഹാത്മാ ഗാന്ധി ജീവിച്ചിരുന്ന കാലത്ത് അതിനു സന്നദ്ധനായിരുന്നു ഞാൻ. ഇന്ന് അങ്ങനെ ചെയ്താൽ അവനൊരു ഫൂൾ എന്ന് പറയില്ലേ ആളുകൾ?

**ചോദ്യം:** കവിയാകാൻ ആഗ്രഹമില്ലേ നിങ്ങൾക്ക്?

**ഉത്തരം:** കവിയാകുക എന്നത് ഒരു condition ആണെന്ന് ഏതോ ചിന്തകൻ പറഞ്ഞിട്ടുണ്ട്. ആ അവസ്ഥാവിശേഷം ഇന്നത്തെ പദ്യകർത്താക്കൾക്കില്ല. ഇവിടെ ചിലർ കവിതയെഴുത്ത് ആ ചിന്തകൻ പറഞ്ഞതു പോലെ profession ആയി കൊണ്ടുനടക്കുകയാണ്. പുസ്തകം പ്രകാശിപ്പിക്കൽ, ഷഷ്ടി പൂർത്തി ആഘോഷിക്കൽ, സപ്തതിയാഘോഷിക്കൽ ഇവയൊക്കെ ആ profession-ന്റെ ഭാഗമാണ്. യഥാർത്ഥ കവി കവിതയെഴുതുന്നു, ഉടനെ അതു മറക്കുന്നു.

**ചോദ്യം:** ശ്രീലങ്കയിൽ ജനിച്ച് കാനഡയിലെ നോവലിസ്റ്റായി മാറിയ Ondaatje-യുടെ ആ പേര് ഉച്ചരിക്കുന്നത് എങ്ങനെ?

**ഉത്തരം:** ആൻദാചേ എന്ന്.

### രണ്ടു രചനകൾ

ദേവേന്ദ്രൻ നാരദനോടു പറഞ്ഞു: ‘നാരദ, വീണവായന നിറുത്തൂ. ആ കേൾക്കുന്ന കോലാഹലം എന്താണ്?’ നാരദൻ മറുപടി നല്കി. ‘വഞ്ചിരാജാവിന്റെ ദാനാതിശയം കണ്ട് ലജ്ജിച്ച് തലതാഴ്ത്തിയ കല്പവൃക്ഷത്തിൽനിന്ന് ദേവസ്ത്രീകൾ പൂവിറുക്കുന്നതിന്റെ കോലാഹലമാണത്. ഇത് കാര്യത്തിനു ചേർന്ന അത്യുക്തിയാണ്. രസജന്യവുമാണിത്.

വണ്ണം കൂടിയ ഒരു യുവതിയുടെ ശാരീരിക സൗന്ദര്യം ആസ്വദിച്ച് ഫ്രഞ്ച് കവി ബോദലേർ പറഞ്ഞതിങ്ങനെ:

> And sometimes in summer, when tropical heats
> Made her strech herself out, all tried and still
> I’d sleep without cares in the shade of her teats
> Like a peaceful town at the foot of hill.

(ഉഷ്ണകാലത്ത് ക്രാന്തികമണ്ഡലത്തിലെ ചൂട് അവളെ നിവർന്നും ക്ഷീണിച്ചും നിശ്ചലയായും കിടത്തുമ്പോൾ ഞാൻ അല്ലലറിയാതെ അവളുടെ മുലക്കണ്ണുകളുടെ നിഴലിൽ ഉറങ്ങും. കുന്നിന്റെ ചുവട്ടിൽ പ്രശാന്തമായ നഗരമെന്നതുപോലെ.)



ഹെൻട്രി ജെയിംസ്

സ്തനവൈപുല്യത്താൽ കാചാഗ്രത്തിനും വൈപുല്യം അതിനു നിഴൽ. അനാച്ഛാദിതമായ വക്ഷസ്സോടുകൂടിയാണ് അവൾ കിടന്നത് എന്നതു സ്പഷ്ടം. ആ നിഴലിൽ കവി ഉറങ്ങുന്നു. അതിശയോക്തിയാണിവിടെയും. ആ അത്യുക്തി രമണീയമായിരിക്കുന്നു. ഇതൊക്കെ പ്രതിഭാശാലികളുടെ പ്രസ്താവങ്ങൾ. എന്നാൽ ഡോക്ടർ കെ. ഭാസ്കരൻനായർ ഉള്ളൂർക്കവിതയെക്കുറിച്ചെഴുതിയ ലേഖനം ‘ഉള്ളൂരെന്നു കേട്ടാൽ മെഡിക്കൽ കോളേജ് ഇരിക്കുന്ന സ്ഥലമാണെന്നു തോന്നും’ എന്നർത്ഥം വരുന്ന മട്ടിൽ തുടങ്ങുമ്പോൾ ‘ഇതു കള്ളം’ എന്ന നമ്മൾ പറയാതിരിക്കില്ല. ഉള്ളൂർ എന്നുകേട്ടാൽ മഹാകവി ഉള്ളൂരെന്ന് നമ്മൾ വിചാരിക്കൂ. ഭാസ്കരൻനായരുടേത് അസത്യപ്രസ്താവമാണ്. എല്ലാ over statements-ഉം അസത്യോക്തികളാണ്. അതുപോലെ സുഗതകുമാരിയുടെ ‘കാളിയമർദ്ദനം’ എന്ന കവിതയെക്കുറിച്ച് എഴുതുന്ന എൻ. കൃഷ്ണപിള്ള ഇക്കവിതയിൽ ആണ്ടുപൂണ്ട് മുങ്ങിപ്പൊങ്ങി കരയിൽ നെട്ടനെടാ കിടക്കുന്ന ഞാൻ ഇതാ മഹനീയമായ കവിത എന്നു പറയുന്നു. (കൃഷ്ണപിള്ളയുടെ വാക്യമല്ല ഇത്. ഏതാണ്ട് ഇമ്മട്ടിലാണ് രചന എന്നേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. ശരിയായി എടുത്തെഴുതാൻ പുസ്തകം കൈയിലില്ല) അതുപോലെ ഞാൻ പേരക്കുട്ടിയോട് “എടീ ഡോർബെൽ കേട്ടാൽ ഉടനെ വാതിൽ തുറക്കണം. ടെലിഫോൺ ബെല്ലടിച്ചാൽ ഉടനെ റിസീവർ എടുക്കണം എന്ന് ഞാൻ ആയിരം തവണ പറഞ്ഞിട്ടില്ലേ” എന്ന ദേഷ്യത്തോടെ ചോദിക്കുമ്പോൾ അതിലെ “ആയിരം തവണ” പ്രയോഗം അത്യുക്തിയിൽ പെട്ടതാണ്. ഉള്ളതിൽക്കവിഞ്ഞുള്ള ചൊല്ല് അതിശയോക്തി. അതിന്റെ സ്പർശമേല്ലാതെ ഒരലങ്കാരവുമില്ല എന്ന ആലങ്കാരികപക്ഷം ശരിയാവാം. പക്ഷേ, ഭാസ്കരൻനായരുടെയും കൃഷ്ണപിള്ളയുടെയും കൃഷ്ണൻനായരുടെയും പ്രസ്താവങ്ങൾ നീരസജനകങ്ങളാണ്. യഥാർത്ഥത്തിൽ രണ്ടു തരത്തിലുള്ള രചനകളേ ഉള്ളുവെന്ന് തോന്നുന്നു. അത്യുക്തിസ്പർശമുള്ള രചന ഒന്ന്. ശുഷ്ക രചന രണ്ട്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കെ. ഗിരീഷ്കുമാർ എഴുതിയ ‘കർത്താവ് അറിയേണ്ട ചിലത്’ എന്ന ചെറുകഥ ശുഷ്കരചന എന്ന രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നു. അത് ജുഗുപ്സാവഹമാണ്. ജുഗുപ്സയിൽ ആ കഥയെ തോല്പിക്കുന്ന മദനൻ അതിനു വരച്ചുചേർത്ത ചിത്രം.

### പുതുമ



ഫെർമി

ആശയത്തിന്റെ നവീനതയായാലും ചാരുതയായാലും വായനക്കാരെ ആകർഷിക്കുന്ന ചെറുകഥകളുണ്ട്. അങ്ങനെയൊരു കഥയാണ് ഇറ്റലിയിലെ മാജിക് റിയലിസ്റ്റായ തൊമ്മാസോ ലാൻദോൾഫി (Tommaso Landolfi, 1908–1979) എഴുതിയ “Gogol’s Wife” എന്നത്. കഥയിലെ ഗോഗൽ വിവാഹം കഴിച്ചത് റബ്ബർ ബലൂണിനെയാണ്. പമ്പു കൊണ്ട് വായു കയറ്റി അയാൾ ഭാര്യയ്ക്കു പല ആകൃതികൾ വരുത്തും. എന്നിട്ട് ആ റബർ ഭാര്യയുമായി ലൈംഗിക വേഴ്ചയിൽ ഏർപ്പെടും. ഒരിക്കൽ ഗോഗലിന് സിഫിലിസ് പിടിപെട്ടു. അതിനു കാരണക്കാരി റബർ ഭാര്യയാണെന്ന അയാൾ കരുതി. അവൾ തന്നെ ചതിക്കുന്നവളെന്നും ഗോഗൽ പരാതിപ്പെട്ടു. അങ്ങനെ ദാമ്പത്യജീവിതം നയിച്ചു വരുമ്പോൾ ഒരു ദിവസം ഗോഗൽ ആവശ്യകതയിലധികം വായു ബലൂൺ ഭാര്യയിൽ പമ്പ് ചെയ്തു കയറ്റി അവളെ പൊട്ടിച്ചു കളഞ്ഞു. കഷണം കഷണമായി ചിതറിയ ആ ബലൂണിന്റെ അവശിഷ്ടങ്ങൾ കൂട്ടിയിട്ട് അയാൾ തീ കത്തിച്ചു കളഞ്ഞു. റഷ്യൻ സാഹിത്യകാരനായിരുന്ന ഗോഗൽ പട്ടിണി കിടന്നു. ആത്മഹത്യ ചെയ്യുന്നതിനു മുൻപ് പ്രസിദ്ധപ്പെടുത്താത്ത കൈയെഴുത്തു പ്രതികൾ തീവച്ചു നശിപ്പിച്ചതിനെ ഇത് അനുസ്മരിപ്പിക്കുന്നു. ഭാര്യയുടെ പരാധീനതയും ഭർത്താവിന്റെ ക്രൂരതയും സ്പഷ്ടമാക്കാൻ തൊമ്മാസോ ലാൻദോൾഫി എഴുതിയ കഥയാണിതെന്ന് ഞാൻ വിചാരിക്കുന്നു. ഇതുപോലെയൊന്നും ഇല്ലെങ്കിലും ദേശാഭിമാനി വാരികയിൽ രാധാകൃഷ്ണൻ വട്ടോളി എഴുതിയ ‘പെൺകുട്ടികൾ ചിരിക്കുമ്പോൾ ഉണങ്ങി വീഴുന്ന ചിലത്’ എന്ന കഥയിലെ ആശയത്തിനും നവീനതയുണ്ട്. കഥയിലെ പെൺകുട്ടി അകാരണമായി ചിരിക്കുന്നവളാണ്. അതിനു ബന്ധുക്കളും മറ്റുള്ളവരും അവളെ കുറ്റപ്പെടുത്തുന്നു. അവൾ വിവാഹം കഴിച്ചു. അമ്മയായി. ഒരു ദിവസം കുഞ്ഞിനെ വേദനിപ്പിച്ച് അതിനെ കരയിച്ചു അവൾ. ‘നീയെന്തിനാ കുഞ്ഞിനെ കരയിക്കുന്നത്?’ എന്ന് അച്ഛൻ ചോദിച്ചപ്പോൾ അവൾ മറുപടി നല്കിയതു് ഇങ്ങനെ: “എന്റെ മോള് കരഞ്ഞു പഠിക്കട്ടെ. അച്ഛാ. ഇപ്പോഴേ കരഞ്ഞു തുടങ്ങിയാൽ, വളരുമ്പോഴേക്കും കണ്ണീർ വറ്റി, വേദനയിലും അവൾ ചിരിച്ചു തുടങ്ങും. ചിരിയെ ഭയക്കുന്ന എന്റെ ഭർത്താവിന്റെ കൂട്ടി. അങ്ങനെ ഒരു ചിരിക്കുടുക്കയായി മാറും.” സന്തോഷസന്താപസമ്മിശ്രമായ ജീവിതത്തെ അങ്ങനെ കഥാകാരൻ അഭിവ്യഞ്ജിപ്പിക്കുന്നു. ഇക്കഥ ആശയത്തിന്റെ പുതുമയാൽ ആകർഷകത്വമുള്ളതാണെന്നാണ് എന്റെ വിചാരം.

### വക്കം അബ്ദുൾഖാദർ

വേണ്ടിടത്തോളം വിവരമില്ലാതിരുന്ന കാലം. ഞാൻ വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികളെക്കുറിച്ച് വിമർശനാത്മകമായ ലേഖനങ്ങൾ കെ. ബാലകൃഷ്ണന്റെ ‘കൗമുദി വാരികയിൽ എഴുതിക്കൊണ്ടിരുന്നു. സെൻസേഷൻ ഉളവാക്കിയിരുന്നു. അക്കാലത്ത് ഒരു സായാഹ്നത്തിൽ തിരുവനന്തപുരത്തെ വഴുതയ്ക്കാട് എന്ന സ്ഥലത്തുവച്ച് ഞാൻ സാഹിത്യകാരനായ വക്കം അബ്ദുൾ ഖാദറെ കണ്ടു. (Patriot അബ്ദുൾ ഖാദറല്ലേ ‘എന്താ ഇപ്പ മൗനം അവലംബിക്കുന്നതു എന്ന ഞാൻ അദ്ദേഹത്തോടു ചോദിച്ചു. ബഷീറിനെക്കുറിച്ച ഞാൻ എഴുതുന്ന ലേഖനങ്ങളിൽ അസഹിഷ്ണത ഭാവിച്ച് അദ്ദേഹം എന്നോടു പറഞ്ഞു: “കൃഷ്ണൻ നായരെപ്പോലെ ബഹളം കൂട്ടിക്കൊണ്ടിരുന്നാൽ മാത്രമേ ജീവിതമാകുകയുള്ളോ? ഞാൻ മൗനം അവലംബിച്ച് ജീവിക്കുന്നു. നിശ്ശബ്ദനായി വർത്തിച്ചാൽ അതും ജീവിതമല്ലേ?” വാക്കിനു വാക്കു പറഞ്ഞതല്ലേ വക്കം അബ്ദുൾ ഖാദർ. അദ്ദേഹം നിശ്ശബ്ദതയോടെ സാഹിത്യകാരനായി ജീവിച്ചു. ഏതു സാംസ്കാരികമണ്ഡലത്തിലും അവഗാഹമുണ്ടായിരുന്ന അദ്ദേഹത്തിന്. എന്നാൽ അത് സ്പഷ്ടമാക്കിയിരുന്നില്ല താനും.


ഉള്ളതിൽക്കവിഞ്ഞുള്ള ചൊല്ല് അതിശയോക്തി. അതിന്റെ സ്പർശമേല്ലാതെ ഒരലങ്കാരവുമില്ല എന്ന ആലങ്കാരികപക്ഷം ശരിയാവാം.

അമേരിക്കൻ നാടകകർത്താവായ ഓനീലിന്റെ Beyond the Horizon എന്ന മനോഹരമായ നാടകത്തെക്കുറിച്ച് വക്കം അബ്ദുൾ ഖാദർ അതുപോലെ മനോഹരമായ ലേഖനം വായിച്ച എനിക്കു രചയിതാവിനെ കാണണമെന്ന തോന്നി. അദ്ദേഹത്തിന്റെ അനിയൻ ഉബൈദിനെ എനിക്കു പരിചയമുണ്ടായിരുന്നു. “ചേട്ടൻ വന്നിട്ടുണ്ട്. ഇന്ന ലോഡ്ജിൽ പോയാൽ കാണാ”മെന്ന് അദ്ദേഹം അറിയിച്ചു. ഞാൻ ഓടി അങ്ങോട്ടേക്ക്. കണ്ടു. ആദ്യത്തെ കാഴ്ച. ലേഖനത്തിന്റെ സൗന്ദര്യത്തെക്കുറിച്ചു ഞാൻ പറഞ്ഞു. അബ്ദുൾ ഖാദർ എന്നെ ഉപദേശിച്ചു: “കൃഷ്ണൻ നായർ പടിഞ്ഞാറൻ സാഹിത്യ ഗ്രന്ഥങ്ങൾ വായിക്കണം.” അന്നു മുതൽ ഞാനവ വായിച്ചു തുടങ്ങി. എനിക്കു പടിഞ്ഞാറൻ സാഹിത്യത്തിൽ താൽപര്യം വരാൻ കാരണക്കാരൻ വക്കം അബ്ദുൾ ഖാദരാണ്. ഞാൻ എന്റെ ഗുരുനാഥനായി അദ്ദേഹത്തെ അംഗീകരിച്ചു.

വക്കം അബ്ദുൾ ഖാദർ തിരുവനന്തപുരത്ത് കുറെക്കാലം താമസിച്ചിരുന്നു. മ്യൂസിയത്തിനടുത്തുള്ള പബ്ലിക് ഓഫീസിന്റെ പിറകു വശത്ത് ഒരു രണ്ടു നില കെട്ടിടത്തിൽ അദ്ദേഹം കുടുംബവുമായിട്ടാണ് താമസിച്ചത്. എന്നും വൈകുന്നേരം ഞാൻ അവിടെ ചെല്ലും. ഒരു ദിവസം ഞാൻ ചെന്നപ്പോൾ അബ്ദുൾ ഖാദർ സഹധർമ്മിണിയുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അപരിചിതനായ എന്നെക്കണ്ട് സഹധർമ്മിണി എഴുന്നേറ്റ് അകത്തേക്കു പോയി. ഉൽപതിഷ്ണുവായ അദ്ദേഹത്തിന് ആ പോക്ക് രസിച്ചില്ല. അതിൽ പ്രതിഷേധിച്ച് അദ്ദേഹം സഹധർമ്മിണിയോട് എന്തോ പറഞ്ഞു. അതുകൊണ്ടാവണം ശ്രീമതി തന്നെയാണ് എനിക്കു ചായ കൊണ്ടു തരുന്നത്.

എൻ. ഗോപാലപിള്ളയ്ക്കു വക്കം അബ്ദുൾ ഖാദറോടു വലിയ വാത്സല്യമായിരുന്നു. അദ്ദേഹം സ്നേഹപൂർവം ‘മേത്താ’ എന്നാണ് വക്കത്തിനെ വിളിച്ചിരുന്നത്. ഒരു ദിവസം അബ്ദുൾ ഖാദർ ഗോപാലപിള്ളസ്സാറിന്റെ വീട്ടിലേക്കു പോകാൻ വഴുതയ്ക്കാടുള്ള ഫോറസ്റ്റ് ഓഫീസ് ലെയ്നിലേക്കു തിരിഞ്ഞപ്പോൾ എന്നെക്കണ്ടു. ‘വാ, സാറിനെ കണ്ടിട്ടുവരാം’ എന്ന് എന്നെ ക്ഷണിച്ചു. അദ്ദേഹം ഗോപാലപിള്ളയുടെ ധിഷണാവിലാസത്തെക്കുറിച്ച് പ്രശംസാരൂപത്തിൽ പലതും പറഞ്ഞു. ഞങ്ങൾ ചെന്നു കയറിയപ്പോൾ ഗോപാലപിള്ള സാർ ആഹ്ലാദാതിരേകത്തോടെ “കൃഷ്ണൻ നായർക്ക് ഈ മേത്തനെ എവിടെ നിന്നു കിട്ടി?” എന്നു ചോദിച്ചു. “ഇരിക്ക് മേത്താ” എന്ന് സ്നേഹത്തോടെ പറഞ്ഞു. വക്കം അബ്ദുൾ ഖാദർ ഹർഷപുളകിതനായി.

ഞാൻ തിരുവല്ലയിൽ താമസിക്കുന്ന കാലം എസ്. സി. ജങ്ഷനിൽ നിന്ന് കോട്ടയം റോഡിൽ മൂന്നു മൈലോളം പോയാൽ മുത്തൂർ എന്ന സ്ഥലത്തെത്തും. അവിടെ ഒരൊഴിഞ്ഞ പീടികയിൽ അബ്ദുൾ ഖാദർ കുറെക്കാലം താമസിച്ചു. ഒരു വാരിക എഡിറ്റ് ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ ജോലി. ഞാനും മുത്തൂർ രാഘവൻ നായർ എന്ന കവിയുമായി അബ്ദുൾ ഖാദറെ കാണാൻ ചെല്ലും. വളരെ നേരം സംസാരിക്കും. വക്കം നിർദ്ദേശിച്ചതനുസരിച്ച് കോളേജ് വിദ്യാർത്ഥിയായിരുന്ന ഞാൻ പല ലേഖനങ്ങളുമെഴുതി വാരികയ്ക്കായി. മുത്തൂർ രാഘവൻ നായർ ഇന്നില്ല. എന്റെ സുഹൃത്തും ഗുരുവും ഇന്നില്ല.



ഗാരിബാൽദി

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് അടുത്താണ് പുളിമൂട് ജങ്ഷൻ. അവിടെ ‘രാഷ്ട്രീയ ഹോട്ടൽ’ എന്ന പേരിൽ ഹോട്ടലുണ്ടായിരുന്നു. അതിന്റെ മുൻപിൽ അബ്ദുൾ ഖാദറും ബോധേശ്വരനും ഞാനും നിന്ന് സംസാരിക്കുകയായിരുന്നു. ബോധേശ്വരൻ എന്തോ സാമാന്യകരണം—ജനറലൈസേഷൻ—നടത്തിയതു് വക്കത്തിന് പിടിച്ചില്ല. അദ്ദേഹം പേടികൂടാതെ ബോധേശ്വരനോടു പറഞ്ഞു: “ഏതു ഡോഗ്‌നും അത്തരം ജനറലൈസേഷൻ ആകാമല്ലോ.” ബോധേശ്വരൻ ശാന്തനായി നിന്ന് പത്തു മിനിറ്റ് കൂടി സംസാരിച്ചു. എന്നിട്ടു പറഞ്ഞു: “അത്തരം പ്രസ്താവങ്ങൾ ഏതു വെയ്ൻ ഡോഗിനും നിർവ്വഹിക്കാം.” വക്കം മിണ്ടിയില്ല. ഞങ്ങൾ പിരിഞ്ഞു പോയി.

വക്കം അബ്ദുൾ ഖാദർ രോഗിയായി. പൂജപ്പുര മണ്ഡപത്തിനടുത്തുള്ള ഒരായുർവേദാശുപത്രിയിൽ അദ്ദേഹം കിടന്നു. ഞാൻ പതിവായി അന്വേഷിച്ച പോയിരുന്നു. ഒരു ദിവസം രോഗം ഭേദമാകില്ലെന്നു കണ്ട് അധികാരികൾ അദ്ദേഹത്തെ ഡിസ്ചാർജ്ജ് ചെയ്തു. മൂന്നു മാസം കഴിഞ്ഞപ്പോൾ എനിക്ക് അദ്ദേഹത്തിൽ നിന്ന കത്തു കിട്ടി. “കഴിയുന്ന സംഖ്യ അയച്ചു തരണം. ഇപ്പോൾ ഒന്നും എഴുതുന്നില്ല. പിന്നെ അറിയിച്ചുകൊള്ളാം” ഞാൻ കത്തു കിട്ടിയ അന്നു തന്നെ ചെറുതല്ലാത്ത ഒരു സംഖ്യ മണിയോർഡറായി അയച്ചു. അതിന് നന്ദി പറഞ്ഞുകൊണ്ടുള്ള മറുപടി എനിക്കു കിട്ടി. മറുപടി അയയ്ക്കുക മാത്രമല്ല, വേണ്ടത്തക്കവരോടെല്ലാം “കൃഷ്ണൻ നായർ എനിക്കു പണമയച്ചുതന്നു” എന്നു പറയുകയും ചെയ്തു. അവർ എന്നെ അറിയിച്ചു.

മഹാനുഭാവനായിരുന്ന വക്കം അബ്ദുൾ ഖാദർ. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെല്ലാം അച്ചടിച്ച് പ്രസിദ്ധപ്പെടുത്തണം. വിശേഷിച്ചും ജി. ശങ്കരക്കുറുപ്പിന്റെ കവിതയെക്കുറിച്ച് എഴുതിയ പുസ്തകവും കേരളത്തിലെ മഹായശസ്കരെപ്പറ്റി അദ്ദേഹം രചിച്ച തൂലികാചിത്രങ്ങളും എത്ര വായിച്ചാലും മതിവരാത്തതാണ് ‘തൂലികാചിത്രങ്ങൾ’ എന്ന ഗ്രന്ഥം. എ. ബാലകൃഷ്ണപിള്ള, എസ്. കെ. പൊറ്റക്കാട് ഇങ്ങനെ പലരുടെയും ഹൃദയഹാരികളായ പല തൂലികാചിത്രങ്ങളും അതിലുണ്ട്. ഒരു ദിവസം ഞാൻ അബ്ദുൾ ഖാദറിന്റെ മകനെ റോഡിൽ വച്ചു കണ്ടപ്പോൾ ഈ ഗ്രന്ഥപ്രസിദ്ധീകരണത്തെക്കുറിച്ച് പറഞ്ഞപ്പോൾ ഒരു കാര്യം കൂടി ഓർമ്മയിലെത്തി. ഞാൻ സെക്രട്ടേറിയറിൽ ജോലി നോക്കുന്ന കാലം. ഒരു സഹപ്രവർത്തകൻ വന്നു പറഞ്ഞു. ‘രണ്ടാളുകൾ കാണാൻ വന്നിരിക്കുന്നു’വെന്ന്. ഞാൻ ചെന്നപ്പോൾ വരാന്തയിൽ അബ്ദുൾ ഖാദറും എസ്. കെ. പൊറ്റക്കാട്ടും നില്ക്കുന്നു. വക്കം നോവലിസ്റ്റിന് എന്നെ പരിചയപ്പെടുത്തി. “This is M. Krishnan Nair, the great writer.” സ്നേഹം വന്നാൽ വക്കത്തിനു നിർലോപമായി വിശേഷണങ്ങൾ നാവിൽ വരും. അദ്ദേഹത്തെ ഓർമ്മിക്കുമ്പോൾ എനിക്കു ദുഃഖമുണ്ടാകുന്നു. അദ്ദേഹത്തിന്റെ സ്മരണയെ നിലനിറുത്താൻ ആരും ഒന്നും ചെയ്യുന്നില്ലല്ലോ.

□

## എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന് ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ഗിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014